ILGMS ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത് )രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (29/9/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

| | 29.09.20ലെ സാംഖ്യ പത്രിക പ്രകാരം | 29.09.20 ലെ ILGMS പത്രിക പ്രകാരം |
|---|---|---|
| ആസ്തി | 14,98,85,391.45 | 150098789.45 |
| ബാദ്ധ്യത | 14,98,85,391.5 | 150098789.45 |

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-10-14 പ്ലാൻ അലോട്ട്മെന്റ് തുകകൾ ഗ്രാമപഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) രണ്ടാം ഗഡു (GO(Rt.) No.4444/2020/Fin. Dtd. 03.08.20 പ്രകാരം) അനുവദിച്ചപ്പോൾ ത്രിതല പഞ്ചായത്തുകളിലേക്ക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേക്ക് ആവശ്യമായ തുകയുടെ 50% കുറവ് ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ 52940/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഈ ചെലവ് വാർഷിക കണക്കിൽ (ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ) ഉൾപ്പെട്ടിട്ടില്ല.

## 1-10-15 KURDFCവായ്പ വരവ് തെറ്റായി രേഖപ്പെടുത്തി

330500201 Secured Loans-Loan From KURDFC എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 31.03.2021ന് 1200000044 നമ്പർ രശീതി പ്രകാരം വായ്പ വരവായി ₹8,00,000 കാണിച്ചിട്ടുള്ളതാണ് എന്നാൽ ഈ തുക വായ്പ രജിസ്റ്ററിൽ വരവായി രേഖപ്പെടുത്തിയിട്ടില്ലാതാണ്. ആയതിനാൽ ഈ വരവിന്റെ ആധികാരികത പരിശോധിച്ചുറപ്പുവരുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്.

## 1-10-16 ചെലവു ശീർഷകത്തിൽ വരവ്-രേഖപ്പെടുത്തിയതിന് വ്യക്തതയില്ല

വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക ഷെഡ്യൂൾ I-11ലെ 220700102- Election Expenses – Stationery Expenses എന്ന ശീർഷകത്തിൽ (-)5051 ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-10-17 പ്രോജക്ട് ചെലവു വിവരങ്ങൾ സുലേഖ ചെലവ് പത്രിക ഉൾപ്പെട്ടിട്ടില്ല

1. വാർഷിക കണക്ക് പ്രകാരം 2020-21 വർഷത്തിൽ വികസന ഫണ്ട് (പൊതു വിഭാഗം) ഇനത്തിലെ ആകെ ചെലവ് 1,96,09,762/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 1,94,52,052/- രൂപയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 170/21 തെക്കുംകര കോളനി അംഗൻവാടി പാർശ്വഭിത്തി നിർമ്മാണം എന്ന പ്രൊജക്ടിനായി ചെലവഴിച്ച 154710/- രൂപ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2. വാർഷിക കണക്ക് പ്രകാരം 2020-21 വർഷത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ആകെ ചെലവ് 1,48,72,774/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2020-21 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലെ ചെലവ് 1,45,07,372/- രൂപയാണ്. വ്യത്യാസം 3,65,402/-രൂപ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ട് നമ്പർ 239/21 വിവിധ വാർഡുകളിൽ പ്ലാസ്റ്റിക് കളക്ഷൻ സെന്റർ നിർമ്മാണം എന്ന പ്രൊജക്ടിനായി ചെലവഴിച്ച 415402/- രൂപ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തതും, സാംഖ്യയിൽ 29-09-20ന് മുൻപ് രേഖപ്പെടുത്തപ്പെട്ട കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ₹50,000 യുടെ ചെലവ് PDEനടത്തിയപ്പോൾ ILGMSഫിനാൻസ് മൊഡ്യൂളിൽ രേഖപ്പെടുത്താത്തതുമാണ്.
തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-11 മാനുവൽ രശീതി ഉപയോഗത്തിലെ അപാകതകൾ

I) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന രശീതി പുസ്തകങ്ങളിലെ അപാകതകൾ താഴെ ചേർക്കുന്നു.
1) രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം:- രശീതി പുസ്തകം നം. 20958, 20959, 20960. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2)
2) കാൻസൽ ചെയ്ത രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം:- രശീതി നം. 4/20959, 47/20957
3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ, ലഭിച്ച രശീതി പുസ്തകങ്ങൾ പൂർണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രശീതി പുസ്തകങ്ങൾ നൽകുവാൻ പാടുള്ളതല്ല എന്നിരിക്കെ ഒരേ സമയം ഒന്നിലധികം രശീതി പുസ്തകങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്നു. ഉദാഹരണം – 15312 മുതൽ 15316 വരെയുള്ള അഞ്ച് രശീതി പുസ്തകങ്ങൾ വെറ്ററിനറി സർജന് ഒരുമിച്ച് നൽകിയിരിക്കുന്നു. 15306 മുതൽ 15309 വരെയുള്ള നാല് രശീതി പുസ്തകങ്ങൾ കൃഷി ഓഫീസർക്ക് ഒരേസമയം നൽകിയിരിക്കുന്നു.

II) കൃഷി ഓഫീസിൽ ഉപയോഗിക്കുന്ന രശീതി പുസ്തകങ്ങളിലെ അപാകതകൾ
1) രശീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.

2) കാൻസൽ ചെയ്ത രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

III) വി.ഇ.ഒ യ്ക്ക് നൽകിയ രശീതി പുസ്തകങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/23.07.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

IV) അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉപയോഗിക്കുന്നതിനായി അനുവദിച്ച രശീതി പുസ്തകം നം. 20952 ലെ രശീതി നമ്പർ 28 കാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത രശീതിയുടെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിച്ചിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് ഇല്ലാതെ രശീതി കാൻസൽ ചെയ്തത് ചട്ടവിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/20.07.2022) ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലം സംഭവിച്ച അപാകതയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

മാനുവൽ രശീതി ഉപയോഗിക്കുന്നതിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ILGMS രശീതി കാൻസലേഷൻ സംബന്ധിച്ച അപാകതകൾ

ILGMS Erp മൊഡ്യൂളിലെ രശീതികളുടെ കാൻസലേഷൻ സംബന്ധിച്ച അപാകതകൾ താഴെ പറയുന്നു.
1) ഡേ ബുക്കിൽ വരവായി ചേർക്കപ്പെട്ട രശീതികൾ ILGMS ലെ കാൻസലേഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| രശീതി നം./തീയതി | തുക | കാരണം | ഇനം |
|---|---|---|---|
| 1200101273/05.01.2021 | 32,700 | Printer Fault | Outdoor Collection |
| 1200101519/09.01.2021 | 51,775 | Printer Fault | Outdoor Collection |
| 1200101603/12.01.2021 | 29,211 | Printer Fault | Outdoor Collection |
| 1200101640/12.01.2021 | 120 | Printer Fault | മാര്യേജ് രജിസ്ട്രേഷൻ/ഫഹദ്.കെ.എഫ് |
| 1200101793/15.01.2021 | 266 | Printer Fault | Property Tax/തങ്കമ്മ |
| 1200102163/25.01.2021 | 626 | Printer Fault | Property Tax/ദേവകി |
| 1200102242/28.01.2021 | 900 | Printer Fault | Profession Tax/വേലായുധൻ |
| 1200102251/28.01.2021 | 176 | Printer Fault | Property Tax/റാഹേൽ |
| 1200104491/30.03.2021 | 27,750(Bank) | Wrong Description | Profession Tax/Medical Officer |

2) ഡേ ബുക്കിൽ വരവായി ചേർക്കപ്പെട്ട രശീതികൾ ILGMS ലെ കാൻസലേഷൻ റിപ്പോർട്ടിൽ Rejected എന്ന സ്റ്റാറ്റസായി ചേർക്കപ്പെട്ടിരിക്കുന്നു.

| രശീതി നം./തീയതി | തുക | കാരണം |
|---|---|---|
| 1210200594/22.12.2021 | 382 | Amount Correction |
| 1210500907/24.03.2022 | 819 | Amount Correction |

3) E-pay ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ കാൻസലേഷൻ റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു

| രശീതി നം./തീയതി | തുക | കാരണം | കാൻസലേഷൻ അംഗീകരിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1210000352/31.03.2022 | 46,438 | Amount Correction | 03.06.2022 |
| 1210000349/31.03.2022 | 114 | Wrong Description | 03.06.2022 |
| 1210000348/31.03.2022 | 756 | Payee Details Correction | 03.06.2022 |
| 1210000347/31.03.2022 | 497 | Amount Correction | 03.06.2022 |

4) ILGMS സോഫ്റ്റ്‌വെയറിൽ ലഭ്യമായ കാൻസലേഷൻ റിപ്പോർട്ട് പ്രകാരമുള്ള ചില രശീതികളുടെ വിവരം താഴെ ചേർക്കുന്നു.

| രശീതി നമ്പർ | Payee | തുക | കാൻസലേഷൻ അംഗീകരിച്ച തീയതി |
|---|---|---|---|
| 1200000007/31.03.2021 | Treasury Officer | 1138600 | 28.07.2021 |
| 1200000025/31.03.2021 | Treasury Officer | 1009827 | 30.07.2021 |
| 1200000018/31.03.2021 | Kudumbasree | 716688 | 30.07.2021 |
| 1200000049/31.03.2021 | Manager | 81281 | 30.07.2021 |
| 1200000021/31.03.2021 | Life Mission | 100000 | 30.07.2021 |
| 1200000019/31.03.2021 | Life Mission | 200000 | 30.07.2021 |
| 1200000020/31.03.2021 | Life Mission | 140000 | 30.07.2021 |
| 1200000022/31.03.2021 | Life Mission | 40000 | 30.07.2021 |
| 1200000023/31.03.2021 | Life Mission | 120000 | 30.07.2021 |
| 1200000047/31.03.2021 | Manager | 5000 | 06.08.2021 |
| 1200000285/25.03.2022 | H.M | 31250 | 25.03.2022 |
| 1200000302/31.03.2022 | Secretary | 10000 | 15.05.2022 |
| 1200000309/31.03.2022 | STO | 3174681 | 15.05.2022 |
| 1200000230/27.02.2022 | STO | 69001 | 19.05.2022 |
| 1200000332/31.03.2022 | Bank Manager | 456000 | 19.05.2022 |

ഇവ കാൻസൽ ചെയ്തതിന്റെ ഫയൽ സോഫ്റ്റ്‌വെയറിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി രശീതികൾ കാൻസൽ ചെയ്യുന്നതിനുണ്ടായ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

(ഓഡിറ്റ് അന്വേഷണം നം. 25/22.07.2022)

## 1-13 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി) നം.80/2017 (SRO No.674/2017) പ്രകാരം (1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം) ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ

ഉൾപ്പെടുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുകയും ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

2) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തതിന്റെ വിവരം ലഭ്യമാക്കുകയുണ്ടായില്ല. അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയത് സ്വീകരിക്കേണ്ടതാണ്.

5) വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) അമ്മ റോക്ക് പ്രൊഡക്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റ് എന്ന ക്വാറിയുടെ ലൈസൻസിനുള്ള അപേക്ഷ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
I) ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ അനുവാദപത്രം നം. E/SC/KL/22/1660 (E 74528) പ്രകാരമുള്ള ലൈസൻസ് ഫോം LE-3 യുടെ കാലാവധി 31.03.2020 വരെ മാത്രമാണ്.
Ii) PESO യിൽ നിന്നുമുള്ള Possession For Use Of Explosion From Magazine Issuing From Deputy Chief Controller Of Explosion, Ernakulam കാലാവധി 31.03.2020 വരെ മാത്രമാണ്.
Iii) Deputy Chief Controller Of Explosives, Ernakulam അനുവദിച്ച No. E/SE/KL/30/741 (E 85328) പ്രകാരമുള്ള Form LE-10, Shot Firers Certificate കാലാവധി 17.06.2020 വരെ മാത്രമാണ്.
Iv) പുതുക്കിയ ക്വാറിയിങ്ങ് ലീസ് സമർപ്പിച്ചിട്ടില്ല.
V) District Environment Impact Assessment Authority, Thrissur അനുവദിച്ച Clearance Order No. B1/17154 /2017/DEIAA/TSR, Dtd. 07.12.2018 പ്രകാരം 75,000/- രൂപ Capital Cost ആയും 6,75,000/- രൂപ Recurring Cost Per Year ആയും സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
7) കോസ്മോ വിഷൻ ഹെർബൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എ.ആർ ബിൽഡിംഗ് മാർട്ട് എന്നിവിടങ്ങളിലെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
8) തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.06.2021 ലെ ബി7-4777/2021 നം. കത്തിന്റെ അടിസ്ഥാനത്തിൽ അനുമതിയോടു കൂടി നടത്തുന്ന ക്വാറികളുടെയും അനുമതിയില്ലാതെ അനധികൃതമായി നടത്തുന്ന ക്വാറികളുടെയും വിവരങ്ങളുടെ റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള ക്വാറികളുടെ വിവരം ശേഖരിച്ച് ക്രോഡീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 1/19.07.2022)

## 1-14 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (Ii) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം

പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

I) 2020-21 വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1) കേരള ഗ്രാമീൺ ബാങ്ക്, മണലിത്തറ
2) അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, കുണ്ടുകാട്
3) അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, പുന്നംപറമ്പ്
4) അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, പറമ്പായി
5) മച്ചാട് സർവ്വീസ് സഹകരണ സംഘം, കരുമത്ര
6) മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, പുന്നംപറമ്പ്
7) Esaf Small Finance Bank, വിരുപ്പാക്ക
8) മച്ചാട് വനിത കാർഷിക നഴ്സറി സംഘം
9) പുന്നംപറമ്പ് ക്ഷീരോത്പാദക സഹകരണ സംഘം
10) കരുമത്ര ക്ഷീരോത്പാദക സഹകരണ സംഘം
11) കല്ലംപാറ ക്ഷീരോത്പാദക സഹകരണ സംഘം
12) വട്ടായി മിൽക്ക് സൊസൈറ്റി
13) വടക്കാഞ്ചേരി ബ്ലോക്ക് വിവിധോദ്ദേശ്യ സഹകരണ സംഘം

II) 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ കരാറുകാരായ ശ്രീജിത്ത്.കെ.എസ്, രാഗേഷ്.കെ.ആർ, സാബു.ഒ.കെ, ബാലകൃഷ്ണൻ, സനീഷ്. പി.സി.ജോർജ്ജ്, വീരാൻ.ടി.എ, ജിന്റോ ജോർജ്ജ്, ലോനക്കുട്ടി, സനീഷ്.എ.എസ്, ശശികുമാർ.ടി.എൻ, മുസ്തഫ, പി.സി.ദേവസ്സി, അബ്ദുൾ ഖാദർ.എ.വി, അഖിൽ ശശി, അഭിലാഷ് ജോർജ്ജ്, സോയി അലക്സാണ്ടർ, ഗോപാലൻ.പി.ആർ, ഹക്കീം, ബിനോയ് ജേക്കബ്, വി.വി.ജോൺസൺ എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 2/19.07.2022)

## 1-15 കെട്ടിട നിർമ്മാണ അനുമതി - റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല

1) ഗ്രേസി, പൂൾപ്പറമ്പിൽ വീട്, മണലിത്തറ എന്നവരുടെ മണലിത്തറ വില്ലേജ് സർവ്വേ നം. 102/9 ലുള്ള വാണിജ്യ കെട്ടിടത്തിന് VII/436 B, C, D എന്നീ നമ്പറുകൾ നൽകി കെട്ടിട നികുതി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ A4-6/2014-15, Dt.02.05.2014 പ്രകാരമുള്ള നിർമ്മാണ അനുമതിയുടെ കാലാവധി 31.04.2020 വരെ മാത്രമാണ്. നിർമ്മാണം പൂർത്തിയാക്കി നമ്പർ അനുവദിക്കുന്നതിനുള്ള Appendix E പ്രകാരമുള്ള അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത് 29.06.2020 തീയതിയിലാണ്. ആയത് അനുമതി കാലാവധിയ്ക്ക് ശേഷമായതിനാൽ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്.

2) വിനീത്, കന്നുകുഴിയിൽ വീട്, കോരഞ്ചിറ എന്നയാളുടെ മണലിത്തറ വില്ലേജ് സർവ്വേ നം. 415/4 ലുള്ള വാണിജ്യ കെട്ടിടത്തിന് IX/487 A എന്ന നമ്പർ നൽകി കെട്ടിട നികുതി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ BL : 17/2016-17, Dt.06.05.2016 പ്രകാരമുള്ള നിർമ്മാണ അനുമതിയുടെ കാലാവധി 09.05.2019 വരെ മാത്രമാണ്. നിർമ്മാണം പൂർത്തിയാക്കി നമ്പർ അനുവദിക്കുന്നതിനുള്ള ഫയൽ സമർപ്പിച്ചതായി സൂചികയിൽ രേഖപ്പെടുത്തിയത് 03.02.2020 നാണ്. ആയത് അനുമതി കാലാവധിയ്ക്ക് ശേഷമായതിനാൽ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതാണ്.

3) ഇന്ത്യ പെന്തക്കോസ്ത് സഭ പ്രസിഡന്റിന്റെ പേരിൽ മണലിത്തറ വില്ലേജ് സർവ്വേ നം. 217/14, 217/8-1 സ്ഥലത്ത് 93.06 M2 കോൺഫറൻസ് ഹാളും 58.41 M2 പാർപ്പിടവും നിർമ്മിച്ചത് ക്രമവൽക്കരിച്ചതിന്റെ ഫീസായി 93.06x20 + 59x14 = (1880 + 826) = 2706/- രൂപ ഈടാക്കുന്നതിന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രശീതി നം. 119080105979/23.03.2020 പ്രകാരം 2293/- രൂപ മാത്രമാണ് ഈയിനത്തിൽ ഈടാക്കിയിട്ടുള്ളത്. കുറവ് വന്ന തുക 413/- രൂപ ഈടാക്കേണ്ടതാണ്.

ക്രമവൽക്കരണ ഫീസ് ഈടാക്കാനുള്ളതും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ലേലം - അപാകതകൾ

I) 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ലേലം ഇനത്തിലെ വരവുകൾ താഴെ ചേർക്കുന്നു.

1) Sale Of Timber – 80,050

2) Sale Of Other Products – 10,030

3) Sale Of Scrap/Waste Materials – 1,79,416

ഇവയുടെ ലെഡ്ജർ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ ഡി.സി.ബി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

II) 09.09.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 6(1) പ്രകാരം വാർഡ് 11 ൽ തച്ചംകുഴി കല്ലംപാറ റോഡിൽ നിൽക്കുന്ന രണ്ട് അയനിപ്ലാവ് മരങ്ങൾ 11,000/-, 50,000/- എന്നീ തുകയ്ക്ക് (മൊത്തം 61,000/-) കെ.എ.യൂസഫ്, കൊട്ടിലിങ്ങൽ എന്നയാൾ സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. Sale Of Timber എന്നയിനത്തിലെ തുകയുമായി ഇത് പൊരുത്തപ്പെടുന്നില്ല.
01.06.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 2(1) പ്രകാരം വാർഡ് 8 ലെ ചോരവേങ്ങ മരത്തിന്റെ മൂല്യനിർണ്ണയം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ലേലം നടന്ന വിവരങ്ങൾ ഫയലിൽ ചേർത്തിയിട്ടില്ല.

III) 25.02.2021 തീയതിയിലെ ഭരണസമിതി തീരുമാനം നം. 3(1) പ്രകാരം വിവിധ മരാമത്ത് പ്രവൃത്തികളിലെ മണ്ണ് ലേലം ചെയ്യുന്നതിന് (കല്ലംകുട്ടം-മലാക്ക-വീരേലിപ്പാടം റോഡ് പുനരുദ്ധാരണം പ്രവൃത്തിയിലെ 320$m^3$ മണ്ണ്, കുണ്ടുകാട് വട്ടായി തച്ചംകുഴി റോഡ് നിർമ്മാണത്തിലെ 15.68$m^3$ മണ്ണ് എന്നിവ ഉൾപ്പെടെ) തീരുമാനിച്ചിട്ടുണ്ട്. ലേലം നടന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

IV) 171/20, പത്താഴക്കുണ്ട് കുടിവെള്ള പദ്ധതി പവർ റൂം സ്ഥലം ലെവലിങ്ങ് എന്ന പ്രവൃത്തിയിൽ എം.ബുക്ക് നം. 109/2019 പ്രകാരം 185.955 $M^3$ കല്ല് വട്ടായി ക്വാറി സൈറ്റിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11.795 $M^3$ കല്ല് 865/m3 നിരക്കിൽ കരാറുകാരന് നൽകി ആയതിന് 10,200/- രൂപ ഈടാക്കിയിട്ടുണ്ട്. ബാക്കിയുള്ള 174.16 M3 കല്ല് ലേലം നടത്തിയതിന്റെ/സ്റ്റോക്ക് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.
മേൽ പറഞ്ഞ അപാകതകൾക്ക് രേഖകൾ/ഫയൽ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 5/19.07.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-17 ക്രിമറ്റോറിയം - വിവരങ്ങൾ ലഭ്യമാക്കിയില്ല

I) ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ക്രിമറ്റോറിയം നടത്തുന്നതിനായി 25.08.2018 മുതൽ 24.08.2020 വരെ രണ്ട് വർഷ കാലയളവിലേക്ക് രവിചന്ദ്രൻ എന്നയാളുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നു. കരാർ കാലാവധിക്ക് ശേഷം തുടർന്ന് ക്രിമറ്റോറിയം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.
II) തൃശ്ശൂർ ജില്ലാ കളക്ടറുടെ 01.01.2020 തീയതിയിലെ ഉത്തരവ് നം. ഡിസിടിഎസ്ആർ/4265/19/സി8 പ്രകാരം തെക്കുംകര വില്ലേജിൽ വിവിധ ക്രിസ്തീയ സഭകൾ ഉപയോഗിച്ച് വരുന്ന പറമ്പായി അഞ്ചീട്ടി ശ്മശാനത്തിന്റെ പ്രവർത്തന ചുമതല തുടർ ഉത്തരവുണ്ടാകുന്നതുവരെ തെക്കുംകര പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ച് ഉത്തരവായിരുന്നു. മേൽ ശ്മശാനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

III) 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

1) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഇപ്രകാരം എത്ര ശ്മശാനങ്ങൾ നിലവിലുണ്ട്?

2) പ്രസ്തുത സ്ഥലങ്ങളിൽ നിന്നും ചട്ടം 3(1) പ്രകാരം വാടക, ഫീസ് എന്നിവ ഈടാക്കുന്നുണ്ടോ? ചട്ടം 3(3) പ്രകാരം ഫീസ് പിരിക്കുന്നതിന് കുത്തകാവകാശമായി നൽകിയിട്ടുണ്ടോ?

3) ചട്ടം 6(3) പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ ലഭ്യമാകുകയും ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ?

4) ചട്ടം 7(1) പ്രകാരം ശ്മശാനങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കുക.

5) ചട്ടം 12 പ്രകാരം ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഹാജരാക്കുക.

മേൽ പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/19.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-18 ആംബുലൻസ് - അപാകതകൾ

ആംബുലൻസിന്റെ ലോഗ് ബുക്ക് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.
1) ഹാജരാക്കിയ ലോഗ് ബുക്കിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 05/2021 വരെ മാത്രമാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്.
2) ലോഗ് ബുക്കിൽ കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3) ഇന്ധനം നിറച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4) പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
5) ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
6) ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല.
അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/21.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതിന് ത്വരിതനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 23/22.07.2022)

## 1-20 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീയതി.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2020-21 സാമ്പത്തിക വർഷം ഉൾപ്പെടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.4, തീയതി 19.07.2022)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, തെക്കുംകര | 1996 | 2019-20 വരെ ഓഡിറ്റ് നടത്തി. 2021-22 ഉൾപ്പെടെയുള്ള കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. |
| ആയുർവ്വേദ വിഭാഗം, | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

| | | |
|---|---|---|
| ജി.എ.ഡി, തെക്കുംകര | | |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, തെക്കുംകര | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

## 1-21 പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി-വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ
വൗച്ചർ നം. 22000669/12.01.2021 തുക:₹3,75,000

വൗച്ചർ നം. 22000709/05.02.2021 തുക:₹2,50,000

1) പ്രോജക്റ്റ് പ്രകാരം ₹12,500 വീതം 50 പേർക്ക് മേൽ പറഞ്ഞ വൗച്ചറുകൾ പ്രകാരം ₹6,25,000 പദ്ധതി നിർവ്വഹണത്തിനായി എസ്.എൽ.ബി.ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂരിന് അടവാക്കിയിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

2) പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്ന പുന്നംപറമ്പ് ക്ഷീരസഹകരണ സംഘത്തിൽ പരിപാലിച്ചു വരുന്ന വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 21.06.22വരെ വരെ ആകെ 16 തവണ കാലിത്തീറ്റ വിതരണം നടത്തിയതായി കണ്ടു. എന്നാൽ താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റുന്നത് ഇടയ്ക്ക് വെച്ച് നിർത്തിയിട്ടുള്ളതാണ്.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരു വിരവം | അവസാനമായി കാലിത്തീറ്റ കൈപ്പറ്റിയ തിയതി | ആകെ കൈപ്പറ്റിയ തവണ |
|---|---|---|---|
| 1 | റോസിലി, ചീരൻ വീട്, കാപ്പി റോഡ്, കരുമത്ര | 21.02.2022 | 11 തവണ |
| 2 | രതീദേവി.ടി. കള്ളിപറമ്പിൽ വീട്, തെക്കുംകര | 21.02.2022 | 11 തവണ |
| 3 | രമ്യ കുളവളപ്പിൽ, പുന്നംപറമ്പ്, തെക്കുംകര | 21.02.2022 | 11 തവണ |
| 4 | പി.ബി.വിജയലക്ഷ്മി, ആളൂപ്പറമ്പിൽ വീട് തെക്കുംകര | 21.02.2022 | 11 തവണ |
| 5 | സന്ധ്യ സുരേഷ്കുമാർ തിരുത്തിമ്മേൽ, കരിക്കാട്, തെക്കുംകര | 21.05.2021 | 3 തവണ |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്കായി എസ്.എൽ.ബി.യിൽ അധികം അടവാക്കിയ തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.8/21.07.2022)

## 1-22 പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ആനുകൂല്യം അനുവദിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ആനുകൂല്യം അനുവദിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നം.100 /21 ആട് വിതരണ പദ്ധതി (എസ് .സി) 2020

പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹9,000 വീതം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ₹2,70,000 ചെലവഴിച്ചുകൊണ്ട് 30 പേർക്ക് രണ്ട് ആടുകളെ വീതം പർച്ചേസ് കമ്മറ്റി മുഖേനെ വാങ്ങി നല്കിയിട്ടുള്ളതാണ്.

വൗച്ചർ നം. 22000821/23.03.21 തുക:₹1,26,000

വൗച്ചർ നം. 22000826/25.03.21 തുക:₹99,000

വൗച്ചർ നം. 2200064/28.03.21 തുക:₹45,000

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ, മണലിത്തറ വില്ലേജ് ഓഫീസർ 04.03.2021ന് നല്കിയ 449/21-ാം നമ്പർ OBC സർട്ടിഫിക്കറ്റാണ് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രമായി ഗുണഭോക്താവായ ചക്കുംങ്ങാട്ടുപറമ്പിൽ ഷാജു ഭാര്യ സുനിത ഷാജു എന്നവരുടെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്നത്.

പ്രോജക്റ്റ് നം.10 2/21 മുട്ടക്കോഴി വളർത്തൽ (എസ്.സി) 2020

പ്രോജക്റ്റ് പ്രകാരം വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹900 (75%) വീതം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് 510 എണ്ണം നാല്പത്തിഅഞ്ച് ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങളെ ഗ്രാമപഞ്ചായത്തിലെ 51 പേർക്ക് (10കോഴികൾ വീതം) വാങ്ങി നല്കുന്നതിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ₹45,900 ചെലവഴിച്ചിട്ടുള്ളതാണ്.

വൗച്ചർ നം. 22000866/29.03.21 തുക:₹19,800

വൗച്ചർ നം. 22000667/12.01.21 തുക:₹26,100

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ, മണലിത്തറ വില്ലേജ് ഓഫീസർ 04.03.2021 ന് നല്കിയ 449/21-ാം നമ്പർ OBC സർട്ടിഫിക്കറ്റാണ് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രമായി ഗുണഭോക്താവായ ചക്കുംങ്ങാട്ടുപറമ്പിൽ ഷാജു ഭാര്യ സുനിത ഷാജു എന്നവരുടെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്നത്.

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികളിൽ ക്രമവിരുദ്ധമായി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യമായി അനുവദിച്ച ₹9,900 (9000+900) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.8/21.07.2022)

## 1-23 ജാതി തെളിയിക്കുന്ന സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം അനുവദിച്ചു.

പ്രോജക്റ്റ് നം.100 /21 ആട് വിതരണ പദ്ധതി (എസ്. സി) 2020

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിൽ വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹9,000 വീതം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ₹2,70,000 ചെലവഴിച്ച് 30 പേർക്ക് രണ്ട് ആടുകളെ ഗുണഭോക്തൃ സമിതി മുഖേന വാങ്ങി നല്കിയിട്ടുള്ളതാണ്.

വൗച്ചർ നം. 22000821/23.03.21 തുക:₹1,26,000

വൗച്ചർ നം. 22000826/25.03.21 തുക:₹99,000

വൗച്ചർ നം. 2200064/28.03.21 തുക:₹45,000

സുനിത മണികണ്ഠൻ, പിഞ്ചലത്ത്, കരുമത്ര കോളനി,കരുമത്ര(പി.ഒ.) വടക്കാഞ്ചേരി എന്ന ഗുണഭോക്താവിന്റെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖയുടെ അഭാവത്തിൽ ഗുണഭോക്താവിന് അനുവദിച്ച ₹9,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.8/21.07.2022)

## 1-24 എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കി

| പ്രൊജക്റ്റ് നമ്പരും പേരും | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (27/21) | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - രണ്ടാം ഘട്ടം (366/21) | പഞ്ചായത്ത് ഹാൾ വയറിംഗ് (ബഹുവർഷം) (212/21) |
|---|---|---|---|

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ചെലവഴിച്ച തുക | 9,11,163/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 74,448/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 474987/- (ധനകാര്യ കമ്മീഷൻ അവാർഡ് – 450000, തനത് ഫണ്ട് - 24987 |

22.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ സർക്കുലറിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധികതുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | സാങ്കേതിക അനുമതി വിവരങ്ങൾ | പ്രവൃത്തിയുടെഎസ്റ്റിമേറ്റ് തുക (GST പരിഗണിക്കാതെയുള്ളത്) | എസ്റ്റിമേറ്റ് തയ്യാറാക്കൽ , മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് | | | വൗച്ചർ നം./തീയതി |
|---|---|---|---|---|---|---|---|
| | | | | നല്കേണ്ട തുക | നല്കിയ തുക | അധികം നല്കിയ തുക | |
| 1 | 27/21 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 20-21 | 05/EE/LSGD /Electrical Committee/20-21 Dtd.06.05.2020 | 1049356 | 41,974 | 47,903 | 5929 | 22000767/01.03.2021 |
| 2 | 366/21 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-രണ്ടാം ഘട്ടം | 312/EE /LSGD/Electrical Committee/20-21 Dtd.24.02.2021 | 93,973/- | 3759 | 4230 | 471 | 22000876/30.03.21 |
| 3 | 212/21 പഞ്ചായത്ത് ഹാൾ വയറിംഗ് (ബഹുവർഷം) | 270/EE /LSGD/Electrical Committee/19-20 Dtd..05.02.2020 | 409762 | 16390 | 18357 | 1967 | 22000375/12.03.21 |
| ആകെ | | | | | | 8,367 | |

മേൽ പട്ടിക പ്രകാരം ആറ് പ്രോജക്ടുകളിലായി അധികമനുവദിച്ച ₹8,367/- ഈ ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് വരും കാലങ്ങളിൽ നല്കുന്ന ബില്ലുകളിൽ നിന്നും ക്രമീകരിക്കുകയോ അയതിന് കഴിയാത്ത പക്ഷം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.09/21.07.2022)

## 1-25 തെരുവ് വിളക്കുകളുടെ സ്ഥാപനവും അറ്റകുറ്റപ്പണിയും - അപാകങ്ങൾ

2020-21 വർഷത്തിൽ തെരുവ് വിളക്കുകളുടെ സ്ഥാപനത്തിനും പരിപാലനത്തിനുമായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പരും പേരും | വകയിരുത്തിയതുക | ചെലവഴിച്ച തുക<br>വൗച്ചർ നം./തീയതി, തുക | പ്രൊജക്ട് നടപ്പാക്കിയ പ്രവൃത്തികളുടെ സംക്ഷിപ്തം | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1 | 21/21- എൽ.ഇ.ഡി. ഡബിൾ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1,00,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1,00,000/-<br>22000793/15.03.21, 1,00,000/- | 48 എൽ.ഇ.ഡി ട്യൂബ് ലൈറ്റുകളുടെ സ്ഥാപനം | നവഭാരത് ഏജൻസീസ്, വടക്കൻചേരി, പാലക്കാട് |
| 2 | 27/21- വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -9,90,672/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -9,11,163/-<br>22000767/01.03.21, 9,11,163/- | 10 മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം | ഒവോനിക്, ന്യൂമാഹി കണ്ണൂർ |
| 3 | 366/21- വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- രണ്ടാം ഘട്ടം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -74,448/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -74,448/-<br>22000876/30.03.21, 74,448/- | ഒരു മിനിമാസ്റ്റ് ലൈറ്റിന്റെ സ്ഥാപനം | നവഭാരത് ഏജൻസീസ്, വടക്കൻചേരി, പാലക്കാട് |
| 4 | 12/21- തെരുവ് വിളക്കുകളുടെ പരിപാലനം ( എ.എം.സി) 2020-21 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -18,00,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -14,40,000/-<br>22000613/10.11.20, 9,70,000/-<br>22000820/25.03.21, 4,70,000/- | ട്യൂബ് ലൈറ്റ്, സി.എഫ്.എൽ എന്നിവയുടെ എ.എം.സി. | ഷൈജു.സി.എഫ്. ചിറ്റിലപ്പിള്ളി ഹൗസ്, എരുമപ്പെട്ടി |
| 5 | 232/21- സി.എഫ്.എൽ റിപ്പയർ - എ.എം.സി. (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -5,13,335/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -5,13,335/-<br>22000456/12.05.20, 5,13,335/- | സി.എഫ്.എൽ AMC- Rs.770/lamp | ഷൈജു.സി.എഫ്. ചിറ്റിലപ്പിള്ളി ഹൗസ്, എരുമപ്പെട്ടി |
| 6 | 228/21- ട്യൂബ് ലൈറ്റ് റിപ്പയർ- എ.എം.സി. (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,70,418/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,70,418/-<br>22000457/12.05.20, 2,70,418/- | ട്യൂബ് ലൈറ്റ് AMC- Rs.770/lamp | ഷൈജു.സി.എഫ്. ചിറ്റിലപ്പിള്ളി ഹൗസ്, എരുമപ്പെട്ടി |
| 7 | 226/21- ഡബിൾ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,63,000/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -2,63,000/-<br>22000455/12.05.20, 2,63,000/- | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | ലഭ്യമല്ല. |
| 8 | 213/21 - | ധനകാര്യകമ്മീഷൻ | ധനകാര്യകമ്മീഷൻ | ഹൈമാസ്റ്റ് | Saper Ind, |

| | | | | | |
|---|---|---|---|---|---|
| | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (പുന്നംപറമ്പ്, കുണ്ടുകാട്, വാഴാനി, തെക്കുംകര) | ഗ്രാന്റ് - 3,90,000/- | ഗ്രാന്റ് - 1,79,360/-<br>22000612/10.11.20, 1,34,520/-<br>22000797/16.03.21, 44,840/- | ലൈറ്റ് റിപ്പയർ (ആവശ്യമായ ഉപകരണങ്ങൾ സഹിതം) | Kolazhy, Thrissur |
| ആകെ ചെലവഴിച്ച തുക | | | 37,51,724 | | |

മേൽ പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(ഓഡിറ്റ് അന്വേഷണം നം. 12/21.07.2022)

## 1-25-1 തെരുവ് വിളക്കുകളുടെ സ്ഥാപനം- കെ.എസ്.ഇ.ബി.സാക്ഷ്യപ്പെടുത്തുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം. 3055/ഡി.എ3/2011/ത.സ്വ.ഭ.വ. തീയതി 15-09-2011 പ്രകാരം കെ.എസ്.ഇ.ബി.യുടെ അംഗീകാരമില്ലാതെ കരാറുകാരനോ, തദ്ദേശ ഭരണ സ്ഥാപനമോ പുതുതായി തെരുവ് വിളക്ക് സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകളിൽ തുക അനുവദിച്ചിരിക്കുന്നത് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യെ അറിയിച്ച രേഖകളോ കെ.എസ്.ഇ.ബി.യുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോ ഫയലിൽ ലഭ്യമല്ല.

മേൽ സർക്കുലർ പ്രകാരം തെരുവ് വിളക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും കെ.എസ്.ഇ.ബി.യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും അവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (ഒന്നാം ഘട്ടം, രണ്ടാം ഘട്ടം) എന്നിവയുടെ പ്രൊജക്ടിലോ, കരാറുകാരനുമായുള്ള എഗ്രിമെന്റിലോ പരാമർശമില്ല. മിനിമാസ്റ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം , കെ.എസ്.ഇ.ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25-2 തെരുവു വിളക്കുകളുടെ വാർഷിക പരിപാലന കരാർ - അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണം പരിഗണിക്കാതെ തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനത്തിനായി കരാർ നൽകിയിരിക്കുന്നത് ഓരോ ഇനം തെരുവ് വിളക്കുകളും ഒരു വർഷം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിന് (ഉപകരണങ്ങൾ ഉൾപ്പെടെ) നിരക്ക് നിശ്ചയിച്ചു കൊണ്ടാണ്. ആയത് പ്രകാരം അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കിന് മാത്രം വർഷത്തിൽ ഒരു തവണ മെയിന്റനൻസ് രജിസ്റ്ററിലേയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. ഉദാഹരണത്തിന് പ്രൊജക്ട് നമ്പർ- 12/21 തെരുവ് വിളക്കുകളുടെ പരിപാലനം എ.എം.സി. എന്ന പ്രൊജക്ടിന്റെ ടെണ്ടർ പഞ്ചായത്തിന്റെ 07.05.2020 ലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത് ഒരു ട്യൂബ് ലൈറ്റ് ഒരു വർഷം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിന് 800/- രൂപയും ഒരു സി.എഫ്.എൽ ഒരു വർഷം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിന് 800/- രൂപയും എന്ന നിരക്കിലാണ്. എന്നാൽ ഗ്രാമപഞ്ചായത്തും കരാറുകാരനും കക്ഷികളായി ചമച്ച കരാർ (കരാർ നം.03/19.05.2020) ഖണ്ഡിക 14 പ്രകാരം "ആന്വൽ മെയിന്റനൻസ് കരാറിൽ ഏർപ്പെട്ടിരിക്കുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിന് കരാർ തുകയുടെ 40% സ്ട്രീറ്റ് ലൈറ്റുകളും പ്രവർത്തനക്ഷമമായതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടം തുക നൽകുന്നതാണെന്നും ബാക്കിയുള്ള തുക 3 ഗഡുക്കളായി നൽകാമെന്നും രണ്ടാം പാർട്ടി ഇതിനാൽ സമ്മതിച്ചിരിക്കുന്നു " എന്നാണ്. എന്നാൽ ആകെ കരാർ തുക കരാറിൽ പ്രസ്താവിക്കുകയോ റിപ്പയർ ചെയ്യേണ്ട തെരുവ് വിളക്കുകളുടെ എണ്ണവും തരവും അനുബന്ധമായി കരാറിന്റെ ഭാഗമാക്കുകയോ ചെയ്തിട്ടില്ല. വാർഡ് മെമ്പർമാർ അനുവദിച്ച അതത് "വാർഡുകളിൽ അറ്റകുറ്റപ്പണി പൂർത്തിയായിരിക്കുന്നു" എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം 2020-21 വർഷത്തിൽ കരാറുകാരന് രണ്ട് ഗഡുക്കളായി 14,40,000 രൂപ അനുവദിച്ചിരിക്കുന്നു. (ടി പ്രൊജക്ട് 2021-22 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.) അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ലഭ്യമല്ല. ആകെ കരാറിന്റെ മൂല്യം രേഖപ്പെടുത്തുകയല്ല മറിച്ച് ഓരോ തെരുവ് വിളക്കിനും എ.എം.സി.യായി നൽകേണ്ട തുക അടിസ്ഥാനമാക്കിയാണ് കരാർ എന്നിരിക്കെ ഇപ്രകാരം അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണവും തരവും ഉറപ്പ് വരുത്താതെ തുക അനുവദിച്ചത് ശരിയല്ല.

## 1-25-3 തെരുവ് വിളക്കുകളുടെ രജിസ്റ്റർ - വിവരങ്ങളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ രജിസ്റ്ററിലെ 2020-21 വർഷത്തെ സംക്ഷിപ്ത പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകളുടെ വിവരണം ചുവടെ ചേർക്കുന്നു.

സി.എഫ്.എൽ - 1600

ഓർഡിനറി ബൾബ് - 190

ട്യൂബ് ലൈറ്റ് - 1353

(എ) എന്നാൽ ഓഡിറ്റ് വർഷം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ പട്ടികയിൽ എൽ.ഇ.ഡി. തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഇല്ല. തൻവർഷം തെരുവ് വിളക്കുകളുടെ എ.എം.സി. നൽകിയത് സി.എഫ്.എൽ, ട്യൂബ് ലൈറ്റ് എന്നിവയ്ക്ക് മാത്രമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഓർഡിനറി ബൾബുകൾ തെരുവ് വിളക്കായി ഉപയോഗിക്കുന്നുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. മാത്രമല്ല, പഞ്ചായത്ത് കമ്മിറ്റിയുടെ 13.01.2021 ലെ തീരുമാന നമ്പർ 7 പ്രകാരം "സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. യാക്കി മാറ്റുന്നതിനുള്ള 'നിലാവ്' പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 07/01/2021 തിയ്യതിയിലെ ഇ.ഡബ്ലിയു.ബി.1/101/2020/ത.സ്വ.ഭ.വ കത്ത് യോഗത്തിൽ വായിച്ച് ചർച്ചചെയ്തു. തെക്കുംകര ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളിൽ പരമ്പരാഗത രീതിയിലുള്ള ബൾബുകൾ ഇല്ലാത്തതിനാലും ഊർജ്ജ സംരക്ഷണം ഉള്ള LED ബൾബുകളാണ് തെരുവ് വിളക്കുകളായി ഉപയോഗിക്കുന്നത് എന്നതിനാലും ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ തീരുമാനം തെരുവ് വിളക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നതല്ല. തെരുവ് വിളക്ക് രജിസ്റ്ററുകളുടെ രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് കെ.എസ്.ഇ.ബി.യുമായുള്ള സംയുക്ത പരിശോധനയ്ക്ക് ശേഷമാണോ എന്നും അപ്രകാരം അവസാനം സംയുക്ത പരിശോധന നടത്തിയത് എന്നാണ് എന്നും വ്യക്തമാക്കേണ്ടതാണ്.

(ബി) തെരുവ് വിളക്കുകൾ പുതിയതായി സ്ഥാപിക്കുമ്പോൾ തെരുവ് വിളക്ക് രജിസ്റ്ററിൽ സ്ഥാപിച്ച തീയതി, വാറന്റി കാലയളവ് മുതലായവ രേഖപ്പെടുത്തിയതായി കാണുന്നില്ല. തെരുവ് വിളക്കുകൾക്ക് വാറന്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല.

## 1-25-4 രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം. 3055/ഡി.എ3/2011/ത.സ്വ.ഭ.വ. തീയതി 15-09-2011 പ്രകാരം പരാതിയുടെ സമയം, തീയതി, പരാതിക്കാരന്റെപേര് , പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഈ രജിസ്റ്റർ തദ്ദേശ ഭരണ സ്ഥാപനത്തിലോ വൈദ്യുതി ബോർഡിന്റെ ഓഫീസിലോ സൂക്ഷിക്കേണ്ടതാണ്. പരാതി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമായിട്ടില്ല.

തെരുവ് വിളക്കുളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015 ലെ ജി2-44274/2015 മാർഗ്ഗരേഖ പ്രകാരം കേടായ സാധനങ്ങൾ അതത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ടി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ ഖണ്ഡികയിലെ മാർഗ്ഗരേഖ പ്രകാരം തെരുവ് വിളക്കുകളുടെ മെയിന്റൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്. ടി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-25-5 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

226/21- ഡബിൾ ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) എന്ന പ്രവൃത്തിക്കായി 2020-21 വർഷത്തിൽ 2,63,000/- രൂപ (വൗച്ചർ നം. 22000455/12.05.2020) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ടി പ്രൊജക്ടിന് ചെലവഴിച്ച 2,63,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തികൾ - അപാകങ്ങൾ

| പ്രൊജക്ടിന്റെ പേരും നമ്പരും | 15/21- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22/21- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 204/21- സ്ട്രീറ്റ് മെയിൻ വലിക്കൽ |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

| | | | |
|---|---|---|---|
| ചെലവഴിച്ച തുകയുടെ വിവരങ്ങൾ | 16,98,958/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയുടെ വിവരങ്ങൾ | 22000631/16.11.20- 98,884/-<br>22000632/16.11.20 – 2,27,976/-<br>22000633/16.11.20 – 96,990/- | 22000629/16.11.20 – 28,578/-<br>22000795/15.03.21 – 71,422/- | 22000723/08.07.20 – 1,00,000/- |

മേൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 11/2018/തസ്വഭവ. തീയതി 29.01.2018 ഖണ്ഡിക 11.2(ഡി) പ്രകാരം തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി മുൻകൂറായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നം. ഡി.എ.1/881/2018/ത.സ്വ.ഭ.വ. തീയതി. 28/12/2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റി വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക ഡെപ്പോസിറ്റ് ചെയ്യാൻ പാടുകയുള്ളൂ എന്നും നിർദ്ദേശമുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മേൽ രണ്ട് നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള എസ്റ്റിമേററ് ഫയലിൽ ലഭ്യമല്ല. സാങ്കേതിക അനുമതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കെ.എസ്.ഇ.ബി.യിൽ നിന്നുള്ള ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ആയവയ്ക്ക് എഗ്രിമെന്റ് വെച്ചിട്ടില്ല.

2. പ്രൊജക്ട് നമ്പർ 204/21, സ്ട്രീറ്റ് മെയിൻ വലിക്കൽ, 22/21- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്നീ പ്രൊജക്ടുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. പ്രൊജക്ട് നമ്പർ 15/21- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രൊജക്ടിനായി നിക്ഷേപിച്ച 16,98,958/- രൂപയിൽ 12,75,108/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമാണ് ഫയലിൽ ഉള്ളത്.

3. ടി പ്രൊജക്ടുകളുടെ ചെലവ് 460500202- Advance To Implementing Agencies- Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതിന് പകരം Capital Work In Progress ശീർഷകത്തിലും 2 ൽ തുടങ്ങുന്ന ചെലവ് ശീർഷകങ്ങളിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി.യുമായുള്ള കരാറിന്റെ അഭാവത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തുകയുടെ ചെലവായ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിലും മേൽ പ്രൊജക്ടുകൾക്കായി ചെലവഴിച്ച തുകയായ 6,23,850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രങ്ങളും മേൽ അപാകങ്ങൾക്കുള്ള മറുപടിയും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. 11/21.07.2022)

## 1-27 സെക്യൂരിറ്റി ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | പഞ്ചായത്ത് ഹാൾ വയറിംഗ് (212/21) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| ചെലവഴിച്ച തുകയുടെ വിവരങ്ങൾ | 4,74,937 /-<br>4,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്),<br>24,987/- (തനത് ഫണ്ട്) | വൗച്ചർനം./തീയതി, തുക<br>22000611/10.11.2020, 4,50,000/-<br>22000375/12.03.21, 24,987/- |

മേൽ പ്രൊജക്ടിന്റെ ഫയൽ പ്രകാരം കരാറുകാരനായ ശ്രീ. ലിയോ പി.എൽ., പാറേക്കാടൻ എന്നയാൾ സമർപ്പിച്ച ട്രഷറി സേവിംഗ്സ് ബാങ്ക് എഫ്.ഡി. (5,000/-രൂപ), സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 3,000/-, 2,000/- 1,800/- രൂപയുടെ

മൂന്ന് എഫ്.ഡി. റസീറ്റുകൾ എന്നിവയുടെ പകർപ്പാണ് കാണുന്നത്. ഇവ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്യൂ.ഡി. ഡിവിഷൻ, മാള ഗ്രാമപഞ്ചായത്ത് മുതലായ സ്ഥാപനങ്ങൾക്ക് പ്ലെഡ്ജ് ചെയ്തവയുമാണ്. ആയതിനാൽ ഈ പ്രവൃത്തിക്കായി ടിയാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയ വിവരങ്ങളും ആയവ തിരികെ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 15/21.07.22)

## 1-28 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തുക / വൗച്ചർ നം./തീയതി - തുക | നിർവ്വഹണ ഏജൻസി. |
|---|---|---|---|
| 1. | കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ - 4/21 | 2,00,000/- <br> 22000657/30.12.20, 2,00,000/- | ജില്ലാ പഞ്ചായത്ത് |
| 2. | ഐ.കെ.എം ന് വിഹിതം നൽകൽ - 2/21 | 96,168/- <br> 22000725/10.07.20, 96,168/- | ഐ.കെ.എം. |
| 3 | ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി - 327/21 | 7,65,000/- <br> 22000656/30.12.20, 7,65,000/- | കേരള വാട്ടർ അതോറിറ്റി |

(ഓഡിറ്റ് അന്വേഷണം നം. 14/21.07.22)

## 1-29 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - പ്രൊജക്ട് നടത്തിപ്പിലെ അപാകങ്ങൾ

| പ്രൊജക്ടിന്റെ പേരും നമ്പരും | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- 328/21 | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| ചെലവഴിച്ച തുകയുടെ വിവരങ്ങൾ | 4,62,350/- (തനത് ഫണ്ട്) | വൗച്ചർനം./തീയതി, തുക <br> 22000161/27.05.20, 1,00,000/- <br> 22000162/27.05.20, 1,13,444/- <br> 22000163/27.05.20, 2,156/- <br> 22000583/27.08.20, 2,44,282/- <br> 22000060/15.12.20, 2,468/- |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.04.2020 ലെ 3(1), 3(2) തീരുമാനങ്ങൾ പ്രകാരം കൊവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഏതെങ്കിലും പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാവുകയാണെങ്കിൽ മുൻവർഷം കുടിവെള്ള വിതരണം നടത്തിയ അതേനിരക്കിൽ 27/02/2020 തിയ്യതിയിലെ സ.ഉ.(സാധാ)494/2020/തസ്വഭവ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി കുടിവെള്ള വിതരണം നടത്താവുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള തൃശ്ശൂർ ജില്ലാകളക്ടറുടെ 06/04/2020 തിയ്യതിയിലെ കെ.2-1852/2020 നമ്പർ കത്ത് യോഗം ചർച്ച ചെയ്യുകയും 2019-20 വർഷത്തിൽ കുടിവെള്ള വിതരണം നടത്തിയ ലിറ്ററിന് 60 പൈസയേക്കാൾ കുറവായ ലിറ്ററിന് 35 പൈസ എന്ന നിരക്കിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ശ്രീ.സനീഷ് S/o സുബ്രഹ്മണ്യൻ, അമ്പാട്ടുപറമ്പിൽ വീട്, കൊരട്ടി പി.ഒ. എന്നവരെ ചുമതലപ്പെടുത്തിയും കുടിവെള്ള വിതരണത്തിന്റെ മേൽ നോട്ടച്ചുമതല അതത് വാർഡ് മെമ്പർമാർക്ക്

നൽകിക്കൊണ്ടും തീരുമാനമെടുത്തിട്ടുണ്ട്. ആയത് പ്രകാരം കുടിവെള്ള ക്ഷാമമുള്ള പഞ്ചായത്ത് പ്രദേശങ്ങളിൽ 24.04.2020 മുതൽ കുടിവെള്ള വിതരണം നടത്തിയതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നടത്തിപ്പിനായി വിതരണക്കാരനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ സർക്കാർ ഉത്തരവിൽ കുടിവെള്ള വിതരണം നടത്തുന്ന വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഉണ്ടായിരിക്കേണ്ടതാണെന്നും കുടിവെള്ള വിതരണത്തിന് തുക നൽകുന്നത് ജി.പി.എസ്. ലോഗും വാഹനത്തിന്റെ ലോഗും ക്രോസ്സ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി പ്രൊജക്ട് ഫയലിൽ കുടിവെള്ള വിതരണം നടത്താൻ ഉപയോഗിച്ച KL-48-4029 എന്ന വാഹനത്തിന്റെ ജി.പി.എസ്. ലോഗ് ലഭ്യമല്ല. വാഹനത്തിന് ജി.പി.എസ്. ഘടിപ്പിക്കുവാൻ തുക ചെലവഴിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ട്രിപ്പ് ഷീറ്റുകളിൽ വാഹനനമ്പർ രേഖപ്പെടുത്തിയിട്ടില്ല. ടി വാഹനത്തിന്റെ ആർ.സി.ഉടമസ്ഥനായ സുബീഷ് സുബ്രഹ്മണ്യൻ എന്നയാളും കുടിവെള്ള വിതരണക്കരാറുകാരനുമായി ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം വാഹനം വാടകയ്ക്ക് എടുത്തിരിക്കുന്നത് 25.05.2020 മുതൽ 07.06.2020 വരെയുള്ള കാലയളവിലേക്ക് മാത്രമാണ്. മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/21.07.21) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ മൂലം കുടിവെള്ള വിതരണച്ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി - സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ടിന്റെ പേരും നമ്പരും | 313/21- പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി(സ്പിൽ ഓവർ) | 68/21- പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. | ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. |
| ചെലവഴിച്ച തുകയുടെ വിവരങ്ങൾ | 225000/- (എസ്.സി.പി.)<br>വൗച്ചർനം./തീയതി, തുക<br>22000743/25.02.21 – 75,000<br>22000837/26.03.21 – 1,50,000 | 200000/- (എസ്.സി.പി)<br>വൗച്ചർനം./തീയതി, തുക<br>22000745/25.02.21 – 2,00,000 |

മേൽ പ്രൊജക്ടുകൾ പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ടിന്റെ പേരും നമ്പരും | വിദ്യാർത്ഥിയുടെ പേരും വിലാസവും | അനുവദിച്ച ധനസഹായം |
|---|---|---|---|
| 1 | പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) - 313/21 | സരിഗ പി.എസ്., പഞ്ചാരത്ത് | 75000 |
| 2 | | ദൃശ്യമോൾ കെ.ജെ., കിഴക്കുട്ട് വളപ്പിൽ | 75000 |
| 3 | | കൃഷ്ണപ്രസാദ് എം.ആർ, മടപ്പാട്ടിൽ | 75000 |
| 4 | പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (68/21) | നീതു എം.എസ്., മടപ്പാട്ടിൽ, കരുമത്ര | 50000 |
| 5 | | അബിൽ ചന്ദ്ര, ചീരോത്ത് വളപ്പിൽ | 50000 |
| 6 | | സ്വാതി ഇന്ദു, കിഴക്കുട്ട് വളപ്പിൽ | 50000 |
| 7 | | അനഘ, മേലെപ്പുരയ്ക്കൽ | 50000 |

ടി വിദ്യാർത്ഥികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ പട്ടികജാതി വികസന വകുപ്പിൽ നിന്നോ പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 06/20.07.22)

## 1-31 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. കരാറുകാരുമായുള്ള വച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മിക്കവാറും പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ സ്വീകരിച്ച തീയതി മുതൽ ഒരാഴ്ചയ്ക്കകം സെലക്ഷൻ നോട്ടീസ് അയക്കേണ്ടതാണ്. അതായത് ടെണ്ടർ സ്വീകരിച്ചതിനു ശേഷം പരമാവധി 21 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ കരാർ റദ്ദാക്കി ഇ.എം.ഡി മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -166/21 കല്ലുംകൂട്ടം മലാക്ക വീരോലിപ്പാടം റോഡ് റീടാറിങ്ങ്, കാന നിർമ്മാണം<br>അടങ്കൽ - 8305000 (സംരക്ഷണ ഗ്രാന്റ് നോൺ റോഡ് - 805000,<br>ജില്ലാ പഞ്ചായത്ത് - 7500000)<br>കരാർ തുക - 7344050/-<br>കരാറുകാരൻ - ജൈജു വി മാങ്ങാലി<br>എഗ്രിമെന്റ് നം.:70/AE /LSGD/TKA/19-20 Dt. 03.01.2020<br>ട്രഷറി ബിൽ/ചെക്ക് നമ്പർ/തുക 1762599/24.3.2021 – 3270935/-<br>104/24.03.2021 – | 12.12.2019 | 26.12.2019 | ചെല്ലി03.01.2020 | 25000 (പരമാവധി) |

| | | | | | |
|---|---|---|---|---|---|
| | 1547975/-<br>100/22.3.2021 – 706411/-<br>52/28.10.2020 – 2681090/- | | | | |
| 2 | പ്രോജക്ട് നമ്പർ -177/21 അഞ്ചീട്ടി നായരങ്ങാടി പത്താഴക്കണ്ട് കനാൽ റോഡ് റീ ടാറിങ്ങ്<br>അടങ്കൽ - 980000 (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാർ തുക – 829302<br>കരാറുകാരൻ – ഒ.കെ.സാബു<br>എഗ്രിമെന്റ് നം.:74/AE /LSGD/TKA Dt. 11.3.2020<br>ട്രഷറി ബിൽ നമ്പർ – 27/17.8.2020<br>ചെലവ് തുക – 926662/- | സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീയതി 13.2.2020 | 4.3.2020 (ടെണ്ടർ സ്വീകരിച്ച തീയതി മുതൽ 21 ദിവസം) | 11.3.2020 | 8293 |
| 3 | പ്രോജക്ട് നമ്പർ -178/21 വീരോലിപ്പാടം പഴയന്നൂപ്പാടം റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ - 650734 (സംരക്ഷണ ഗ്രാന്റ് റോഡ്)<br>കരാർ തുക – 568865/-<br>കരാറുകാരൻ – ഒ.കെ.സാബു<br>എഗ്രിമെന്റ് നം.:73/AE /LSGD/TKA Dt. 11.3.2020<br>ട്രഷറി ബിൽ നമ്പർ – 37/14.9.2020<br>ചെലവ് തുക – 926662/- | സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീയതി 13.2.2020 | 4.3.2020 (ടെണ്ടർ സ്വീകരിച്ച തീയതി മുതൽ 21 ദിവസം) | 11.3.2020 | 5689 |

| | | | | | |
|---|---|---|---|---|---|
| 4 | പ്രോജക്റ്റ് നമ്പർ -310/21 മണലിത്തറ ഖാദി വ്യവസായ കേന്ദ്രം ഷെഡ് (സ്റ്റീൽ ഓവർ)<br>അടങ്കൽ – 42446/-(സംരക്ഷണ ഗ്രാന്റ് റോഡിതരം)<br>കരാർ തുക – 349166/-<br>കരാറുകാരൻ – അനൂപ് പി മാത്യു<br>എഗ്രിമെന്റ് നം.:62/AE /LSGD/TKA/18-19 Dt. 21.1.2019<br>ട്രഷറി ബിൽ നമ്പർ – 69/18.1.2021 – 32062/-<br>18/18.6.2019 – 307554 (2019-20) | സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീയതി 24.10.2018 | 14.11.2018 (ടെണ്ടർ സ്വീകരിച്ച തീയതി മുതൽ 21 ദിവസം) | 21.1.2019 | 3492 |
| | ആകെ | | | | 42474 |

ആകെ 10 പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കേണ്ടതുണ്ടായിരുന്നെങ്കിലും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നമ്പർ 16/21.7.2022) 6 പ്രവൃത്തികളുടെ പിഴ തുകയായ 28289 രൂപ പഞ്ചായത്തിൽ തിരിച്ചടവാക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. മുകളിൽ പറഞ്ഞതുപ്രകാരം 4 പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമനമ്പർ 1-ന് നൽകിയ മറുപടിയിൽ 12.12.2019-ൽ തയ്യാറാക്കിയ സെലക്ഷൻ നോട്ടീസ് 27.12.2019-നാണ് കരാറുകാരന് കൈപ്പറ്റാൻ കഴിഞ്ഞത് എന്നും സെലക്ഷൻ നോട്ടീസ് കൈപ്പറ്റ് 7 ദിവസത്തിനകം കരാറിൽ ഏർപ്പെട്ടു എന്നും പറഞ്ഞിട്ടുണ്ട്. സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച ദിവസം നോട്ടീസ് കൈപ്പറ്റിയ ദിവസമായി കണക്കാക്കാമെന്ന് പറയുന്നുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കാനാകില്ല. ക്രമനമ്പർ 4-ന് നൽകിയ മറുപടിയിൽ റീടെൻഷൻ തുകയിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 2, 3 എന്നിവയിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മുകളിൽ പറഞ്ഞ പ്രകാരം 42474 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-32 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയത് മേൽപറഞ്ഞ നിരക്കിലല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -255/21 – കാക്കിനിക്കാട് ട്രൈബൽ സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം (സ്പിൽ ഓവർ) അടങ്കൽ – 129120/- കരാർ തുക – 198389/- കരാറുകാരൻ – അഷിൻ ദേവ് എഗ്രിമെന്റ് നം.79/AE /LSGD/TKA /2018-19 Dt.06.03.2019 അളവ് പുസ്തകം-214/19-20 ട്രഷറി ബിൽ നമ്പർ 8/15.5.2020 – 20000 ചെക്ക് നമ്പർ – 334770/18.1.2021 - 109120/- ചെലവ് തുക – 129120/- (സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6മാസം) | 06.03.2019 | 05.09.2019 | 26.2.2020 | 5952 (3%) | -- | 5952 |
| 2 | പ്രോജക്റ്റ് നമ്പർ -310/21 – മണലിത്തറ ഖാദി വ്യവസായ കേന്ദ്രം (സ്പിൽ ഓവർ) അടങ്കൽ – 42446/- കരാർ തുക – 349166/- കരാറുകാരൻ – അനൂപ് പി | 21.1.2019 | 20.04.2019 | 16.11.2020 | 10475 (3%) | 6792 | 3683 |

| | | | | | | |
|---|---|---|---|---|---|---|
| മാതൃ എഗ്രിമെന്റ് നം.62/AE /LSGD/TKA /2018-19 Dt.21.1.2019<br>ട്രഷറി ബിൽ നമ്പർ 69/18.1.2021 – 32062/-<br>18/18.6.2019 – 307554 (2019-20)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 3മാസം) | | | | | | |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/21.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ക്രമനമ്പർ 1 പ്രകാരമുള്ള തുക അടവാക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. ക്രമനമ്പർ 2 സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 3683 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-33 അസി.എഞ്ചിനീയർക്ക് വാഹനവാടക നൽകൽ - അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം വാഹനം വാടകയ്ക്ക് എടുത്തതിന് 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | 201/21 – അസി.എഞ്ചിനീയർക്ക് വാഹന വാടക നൽകൽ | 346/21 – അസി.എഞ്ചിനീയറുടെ വാഹന വാടക |
|---|---|---|
| അടങ്കൽ | 100000 | 150000 |
| ചെലവ് | 99155 | 42000 |
| ട്രഷറി ബിൽ നമ്പർ/തീയതി | 50/28.10.2020 – 12155<br>38/14.9.2020 – 29000<br>31/21.8.2020 – 29000<br>22/21.8.2020 - 29000 | 130/30.3.2021 – 14000<br>109/30.3.2021 - 28000 |
| കരാറുകാരൻ | ബാലകൃഷ്ണൻ കളരിക്കൽ | ബാലകൃഷ്ണൻ കളരിക്കൽ |
| വാഹനത്തിന്റെ രജി.നമ്പർ | KL-48 E 3805 | KL-48 E 3805 |
| നിരക്ക് | 29000/മാസം | 28000/മാസം |

പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാഹനത്തിന്റെ നിശ്ചിത ഫോർമാറ്റിലുള്ള ലോഗ് ബുക്ക് ഹാജരാക്കിയിട്ടില്ല.

2. ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ തീയതി, ഓടിയ ദൂരം എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പോയ സ്ഥലം, യാത്രയുടെ ഉദ്ദേശം, ഉപയോഗിച്ച ആളുടെ പേര് വിവരം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. ഒരു മാസം 1500 കിലോമീറ്റർ എന്ന് കണക്കാക്കിയാണ് ക്വട്ടേഷൻ സ്വീകരിച്ചിട്ടുള്ളത്. ഒരു മാസം 1500 കിലോമീറ്റർ ഓടുന്നതിനുള്ള നിരക്കാണ് സ്വാഭാവികമായും കരാറുകാർ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 2020-21-ൽ ഒരു മാസം പോലും

1500 കിലോമീറ്റർ വാഹനം ഓടിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | ഓടിയ ദൂരം (കി.മീറ്റർ) |
|---|---|
| 6/2020 | 1169 |
| 7/2020 | 989 |
| 8/2020 | 960 |
| 8/2020 | 668 |
| 2/2021 | 1298 |
| 3/2021 | 1022 |

ശരാശരി മാസം 1000 കിലോമീറ്റർ മാത്രമാണ് വാഹനം ഓടുന്നത് എന്ന് മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. ആദ്യത്തെ പ്രാവശ്യം എത്ര കിലോമീറ്റർ വീതം വാഹനം ഓടും എന്ന് കൃത്യമായി പറയാനാകില്ല. എന്നാൽ രണ്ടാമത്തെ പ്രാവശ്യം ടെണ്ടർ സ്വീകരിക്കുമ്പോൾ പ്രതിമാസം 1000 കിലോമീറ്റർ എന്ന് സൂചിപ്പിച്ചിരുന്നെങ്കിൽ അതനുസരിച്ച് കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്കിലും കുറവുണ്ടാകുമായിരുന്നു. വാഹനം ഓടുന്നതിന് ആനുപാതികമല്ലാത്ത അധികനിരക്കാണ് കരാറുകാർക്ക് നൽകി വരുന്നത് എന്ന് മുകളിൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്.

മുകളിൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/21.7.2022-ന് മറുപടിയായി അറിവില്ലായ്മ മൂലമാണ് ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതെന്നും വാഹനവാടക ഒരു മാസം 36000 രൂപവരെ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെന്നുമാണ് അറിയിച്ചത്. അറിവില്ലായ്മ മൂലമാണ് ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കാനാകില്ല. വാഹനം ഔദ്യോഗിക ആവശ്യത്തിനാണോ ഓടിയത് എന്നും അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാണോ വാഹനം ഉപയോഗിച്ചത് എന്നും അറിയുന്നതിന് ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ അത്യാവശ്യമാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ മുകളിൽ പറഞ്ഞ പ്രകാരമുള്ള ചെലവ് 141155 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 മണ്ണ് പ്രവൃത്തിക്ക് അധിക നിരക്കിൽ ജി എസ് ടി നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം നടപ്പാക്കിയ പ്രോജക്ടിൽ അധിക നിരക്കിൽ ജി എസ് ടി അനുവദിച്ചിരുന്നു.

| | |
|---|---|
| പ്രോജക്ട് | 292/21 - വാഴാനി പുഴ സംരക്ഷണം - മണ്ണ് മാറ്റി ബണ്ട് നിർമ്മാണം - പ്രളയ മുൻകരുതൽ |
| അടങ്കൽ | 469000/- (പൊതു - സാധാരണ) |
| ചെലവ് | 440123/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 51/28.10.2020 |
| എഗ്രിമെന്റ് നമ്പർ/തീയതി | 79/AE/LSGD/TKA തീയതി 20.03.2020 |
| കരാറുകാരൻ | വി കെ ഉണ്ണികൃഷ്ണൻ |
| എം ബി നമ്പർ | 364/20 |
| ആകെ പ്രവൃത്തി മൂല്യം | 392967/- |
| ജി എസ് ടി 12% | 47156/- |
| ആകെ ബിൽതുക | 440123/- |

പുഴയിൽ നിന്നും മണ്ണ് കോരി അതിന്റെ കരയിൽ തന്നെ നിക്ഷേപിച്ച് ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തിയാണ് ചെയ്തത്. കേന്ദ്ര ജി എസ് ടി ആക്ട് 2017 സെക്ഷൻ 2 ക്ലോസ് 119 പ്രകാരം ഈയിനം പ്രവൃത്തിക്ക് 5% ജി എസ് ടി മാത്രമേ നൽകേണ്ടതുള്ളൂ. അതിനു പകരം 12% ജി എസ് ടി അനുവദിച്ചതിനാൽ 27508 രൂപയുടെ അധിക ചെലവ് ഉണ്ടായി. ഈ അപാകതക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/21.7.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അധികം നൽകിയ 27508 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 1-35 പൊതു ടാപ്പുകളുടെ വെള്ളക്കരം - ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

എ) ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുടാപ്പുകളുടെ 03/2020 മുതൽ 06/2020വരെയുള്ള കാലയളവിലെ വെള്ളക്കരം ഇനത്തിൽ ആകെ 2,81,752 രൂപ വീതം അടവാക്കിയിട്ടുണ്ട്.

| കാലയളവ് | വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 03/2020 | 22000079/02.05.2020 | 70438 |
| 04/2020 | 22000087/02.05.2020 | 70438 |
| 05/2020 | 22000244/12.06.2020 | 70438 |
| 06/2020 | 22000517/05.08.2020 | 70438 |
| ആകെ | | 2,81,752 |

എന്നാൽ പ്രസ്തുത വൗച്ചറുകൾക്കൊപ്പം കേരള വാട്ടർ അതോറിറ്റിയുടെ ബിൽ സൂക്ഷിച്ചിട്ടില്ല.

ബി) 07/2020 മുതൽ 03/2021 വരെയുള്ള മാസങ്ങളിൽ കേരള വാട്ടർ അതോറിറ്റി നൽകിയ ബില്ലിൽ 319 ടാപ്പുകളുടെ കുടിവെള്ള ചാർജ്ജിനത്തിൽ 139563/- രൂപയും ഭീമമായ കുടിശ്ശികത്തുകയും രേഖപ്പെടുത്തി വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.07.2020 ലെ 3(1) തീരുമാന പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, തൃശ്ശൂരിന്റെ 27/07/2020 തിയ്യതിയിലെ എ2-5375/2017 നമ്പർ കത്ത് യോഗം പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധനയിൽ പഞ്ചായത്ത് പരിധിയിൽ 319 ടാപ്പുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ 04/2016 മുതൽ അധികമായി നിലനിന്നിരുന്ന 158 ടാപ്പുകളുടെ കുടിശ്ശിക തുക കൂടി അടവാക്കേണ്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജൂലൈ 2020 ലെ പ്രതിമാസ ചാർജ്ജ് 139563/- രൂപയും 4915474/- രൂപ കുടിശ്ശികയും 96444/- രൂപ പിഴപ്പലിശയും ഉൾപ്പെടെ ആകെ 5151481/- രൂപയുടെ ബില്ലും 116537786/- രൂപയുടെ കുടിശ്ശിക സ്റ്റേറ്റ്മെന്റും ഇതോടൊപ്പം അയക്കുന്നുണ്ടെന്നും ടി തുക അടവാക്കണമെന്നും കത്തിൽ ആവശ്യപ്പെടുന്നുണ്ട്. 30/09/2018 വരെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം വാട്ടർ ചാർജ്ജ് 70438/- രൂപ വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക വരുത്താതെ അടവാക്കിയിട്ടുള്ളതാണ്. എന്നാൽ 15/10/2018 ൽ വാട്ടർ അതോറിറ്റിയുടെ എ2-4083/10 കത്ത് പ്രകാരം 216 ടാപ്പുകളുടെ വർദ്ധനവുണ്ടെന്നും ഡിമാന്റ് തുക 2835000/- രൂപ അടവാക്കണമെന്നും കൂടാതെ 10/2018 ലെ പ്രതിമാസ ബിൽ 164938/- രൂപയും അടവാക്കണമെന്ന് അറിയിച്ചിരുന്നു. 30/10/2018 ലെ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം പ്രസ്തുത കത്ത് പരിശോധിക്കുകയും ഇത്രയും ടാപ്പുകളുടെ വരദ്ധന അംഗീകരിക്കുന്നില്ലെന്നും ഉടനെ സംയുക്ത പരിശോധന നടത്തുന്നതിനും അതുവരെ പഴയ നിരക്കായ 70438/- രൂപ സ്വീകരിക്കുന്നതിനും പരിശേധന നടത്തി കണക്കുകൾ ക്രമപ്പെടുത്തുമ്പോൾ പിഴ ഒഴിവാക്കിതരുന്നതിനും അപേക്ഷിച്ചിട്ടുള്ളതും അതിൻ പ്രകാരം തുക മുടക്കം കൂടാതെ അടവാക്കിവരുന്നതുമാണ്. തുടർന്ന് പലതവണ ആവശ്യപ്പെട്ടതിൻ പ്രകാരം 19/12/2018 മുതൽ 12/01/2019 വരെയുള്ള കാലയളവിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുടർന്നുള്ള മാസങ്ങളിലും പഞ്ചായത്ത് ഇക്കാര്യം വാട്ടർ അതോറിറ്റിയോട് രേഖാമൂലവും ഫോൺ മുഖേനയും ഭരണസമിതി അംഗങ്ങൾ നേരിട്ട് ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ബില്ലിൽ യാതൊരു മാറ്റവും വരുത്താത്തതിനെ തുടർന്ന് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുടെ മാർച്ച് മാസത്തിലെ അദാലത്തിലും ഇക്കാര്യത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. എന്നാൽ ഇതിനൊന്നിനുപോലും വാട്ടർ അതോറിറ്റിയുടെ പ്രതികരണം നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാകുന്നു. പഞ്ചായത്തിന്റെ അപേക്ഷകളും പ്രതിമാസം അടവാക്കിവന്നിരുന്ന തുകയും പരിഗണിക്കാതെ വാട്ടർ അതോറിറ്റി തയ്യാറാക്കി തന്നിരിക്കുന്ന 116537786/- രൂപയുടെ കുടിശ്ശിക ഡിമാന്റ് അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കൂടാതെ 07/2020 മുതൽ 319 പൊതുടാപ്പുകളുടെ ചാർജ്ജ് 139563/- രൂപ പ്രതിമാസം അടവാക്കുന്നതിനും സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 158 അഡീഷ്ണൽ ടാപ്പുകളുടെ 01/2019 മുതലുള്ള പ്രതിമാസ തുക കുടിശ്ശിക 1244250/-രൂപ അടവാക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്നും പഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ ഏറ്റെടുക്കേണ്ടി വന്ന ഇത്രവലിയ തുക അടവാക്കുന്നതിന് വാർഷിക പദ്ധതി അന്തിമമാക്കി കഴിഞ്ഞതിനാലും തനതുവരുമാനം കുറവായ സാഹചര്യത്തിലും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് അധിക തുക കണ്ടെത്തേണ്ടതുള്ളതിനാലും ടി തുക ഗഡുക്കളായി അടവാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടും പിഴപ്പലിശ ഒഴിവാക്കുന്നതിനും വാട്ടർ അതോറിറ്റി അധികാരികൾക്ക് അപേക്ഷ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച വിവരവും ടി വിഷയത്തിലെ നിലവിലെ സ്ഥിതിയും ഓഡിറ്റിനെ അറിയിക്കാൻ താല്പര്യപ്പെടുന്നു.
ഇതു സംബന്ധിച്ച് 23.07.2020ന് നല്കിയ ഓഡിറ്റ് എൻക്വയറി നം.29ന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

## 1-36 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മാസ്ക്ക് വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക്ക് വാങ്ങി പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 126000/- രൂപ മച്ചാട് വസ്ത്ര ഗ്രാമം-1, തെക്കുംകര പി.ഒ, എന്ന സ്ഥാപനത്തിന് വൗച്ചർ നം. 22000313/16.07.2020 പ്രകാരം നൽകിയിട്ടുണ്ട്. ഓരോ വാർഡിലേക്കും മഴക്കാല പൂർവ്വശുചീകരണത്തിനായി തനത് ഫണ്ടിൽ നിന്നും നൽകിയ 10,000/- (വൗച്ചർ നം.22000064/21.04.20 തുക:1,80,000) രൂപയിൽ നിന്നും 7000/- രൂപ വീതം വാർഡ് ശുചിത്വ സമിതിയുടെ തീരുമാന പ്രകാരം 1,26,000/-(18 X7000) പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കിയാണ് ഈ തുക കണ്ടെത്തിയിരിക്കുന്നത് (രശീതി നം.120080100893/11.06.20). മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നതാണ്.

1. വാർഡ് ശുചിത്വ സമിതിയുടെ തീരുമാനം.

2. മാസ്കുകൾ വാങ്ങിയതിന്റെ കാഷ് ബില്ലിൽ മാസ്ക്ക് എന്ന് രേഖപ്പെടുത്തി 1,26,000/- രൂപ എന്ന് മാത്രമാണ് കാണിച്ചിട്ടുള്ളത്. എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

3. മാസ്കുകൾ വാങ്ങി സ്റ്റോക്കിലെടുത്ത വിവരവും ആയത് വിതരണം ചെയ്തതിന്റെ രേഖകളും ഫയലിൽ ഇല്ല.
എന്നാൽ ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.27/23.07.2022ന് മറുപടി നല്കിയിട്ടില്ലാത്തതാണ്.ചെലവു വിവരങ്ങളുടെ അഭാവത്തിൽ ₹1,26,000/- തടസ്സപ്പെടുത്തുന്നു.

## 1-37 പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം, തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് - സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത ആരായേണ്ടതാണ്.

എ) 2020-21 സാമ്പത്തിക വർഷത്തിൽ 230100101 -Electricity Charges For Street Lights എന്ന ശീർഷക പ്രകാരം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ മൊത്തം ₹23,32,884രൂപ/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആയത് 2020-21 വർഷത്തെ ആകെ വസ്തുനികുതി ഡിമാന്റ് തുകയായ 30,38,816/-യുടെ 76.76% ത്തോളം വരുന്ന തുകയാണ്. മാത്രമല്ല, ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തൻവർഷം പുതിയതായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനും, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും, സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത ഇലക്ട്രിക് പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുമായി വിവിധ പ്രൊജക്ടുകൾ പ്രകാരം 31,47,569/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽത്തന്നെ വരും വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കാര്യമായ വർദ്ധനവിന് സാധ്യതയുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ പരിശോധിച്ചതിൽ ഏകദേശം 60000/- രൂപ ഓരോ മാസവും Unmetered തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി അടവാക്കുന്നുണ്ട്.

ബി) 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 230110101- Water Charges For Street Tap എന്ന ശീർഷകപ്രകാരം ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 15,37,819/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. മേൽ ഖണ്ഡിക 1-35ലെ വ്യക്തമാക്കിയ പോലെ നിലവിൽ വൻ തുക പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിയിട്ടുള്ളതുമാണ്.

മേൽ വിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, താഴെ പറയുന്ന അധിക വിവരങ്ങൾ ലഭ്യമാക്കുന്നതിന് 28/23.07.2022നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നതാണ്.
1) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന ഉപനികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സേവനം ഏർപ്പെടുത്തിയ ഏതെങ്കിലും പ്രദേശത്ത് ഇപ്രകാരം സേവന ഉപനികുതി പിരിക്കുന്നുണ്ടോ?

2) അപ്രകാരമുള്ള ഒരു ശുപാർശ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് എപ്പോഴെങ്കിലും വന്നിട്ടുണ്ടോ?

3) Unmeterd തെരുവ് വിളക്കുകളിൽ മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?
എന്നാൽ ആയതിന് ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.
തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നീ ഇനങ്ങളിൽ വൻതുക ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവു വരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ സൌകര്യങ്ങൾ ലഭ്യമാക്കിയിടത്ത്, 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ്,2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 എന്നിവ പ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ആനുകൂല്യം അനുവദിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ആനുകൂല്യം അനുവദിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം.100 /21 ആട് വിതരണ പദ്ധതി (എസ് .സി) 2020

പ്രോജക്ട് പ്രകാരം വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹9,000 വീതം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ₹2,70,000 ചെലവഴിച്ചുംകൊണ്ട് 30 പേർക്ക് രണ്ട് ആടുകളെ വീതം പർച്ചേയ്സ് കമ്മറ്റി മുഖേന വാങ്ങി നല്കിയിട്ടുള്ളതാണ്.

വൗച്ചർ നം. 22000821/23.03.21 തുക:₹1,26,000

വൗച്ചർ നം. 22000826/25.03.21 തുക:₹99,000

വൗച്ചർ നം. 2200064/28.03.21 തുക:₹45,000

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ, മണലിത്തറ വില്ലേജ് ഓഫീസർ 04.03.2021ന് നല്കിയ 449/21-ാം നമ്പർ OBC സർട്ടിഫിക്കറ്റാണ് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രമായി ഗുണഭോക്താവായ ചക്കുംങ്ങാട്ടുപറമ്പിൽ ഷാജു ഭാര്യ സുനിത ഷാജു എന്നവരുടെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്നത്.

പ്രോജക്ട് നം.10 2/21 മുട്ടക്കോഴി വളർത്തൽ (എസ്.സി) 2020

പ്രോജക്ട് പ്രകാരം വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും ₹900 (75%) വീതം ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് 510 എണ്ണം നാല്പത്തിഅഞ്ച് ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങളെ ഗ്രാമപഞ്ചായത്തിലെ 51 പേർക്ക് (10കോഴികൾ വീതം) വാങ്ങി നല്കുന്നതിന് താഴെ പറയുന്നവൗച്ചറുകൾ പ്രകാരം ആകെ₹45,900 ചെലവഴിച്ചിട്ടുള്ളതാണ്.

വൗച്ചർ നം. 22000866/29.03.21 തുക:₹19,800

വൗച്ചർ നം. 22000667/12.01.21 തുക:₹26,100

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയിൽ, മണലിത്തറ വില്ലേജ് ഓഫീസർ 04.03.2021ന് നല്കിയ 449/21-ാം നമ്പർ OBCസർട്ടിഫിക്കറ്റാണ് ജാതി തെളിയിക്കുന്ന സാക്ഷ്യപത്രമായി ഗുണഭോക്താവായ ചക്കുംങ്ങാട്ടുപറമ്പിൽ ഷാജു ഭാര്യ സുനിത ഷാജു എന്നവരുടെ അപേക്ഷയോടൊപ്പം സൂക്ഷിച്ചിരിക്കുന്നത്.

വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതികളിൽ ക്രമവിരുദ്ധമായി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യമായി അനുവദിച്ച ₹9,900 (9000+900) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.8/21.07.2022)

## 3-2 എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധിക തുക നല്കി

| പ്രൊജക്ട് നമ്പരും പേരും | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (27/21) | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - രണ്ടാം ഘട്ടം (366/21) | പഞ്ചായത്ത് ഹാൾ വയറിംഗ് (ബഹുവർഷം) (212/21) |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ചെലവഴിച്ച തുക | 9,11,163/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 74,448/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 474987/- (ധനകാര്യ കമ്മീഷൻ അവാർഡ് - 450000, തനത് |

| | | | |
|---|---|---|---|
| | | | ഫണ്ട് - 24987 |

22.09.2015ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ നാല് ശതമാനം പ്രതിഫലമായി അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ആവശ്യത്തിനായി ജി.എസ്.റ്റി. ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 01.03.2019 ലെ 18/2019/fin സർക്കുലർ ഖണ്ഡിക -6-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിൽ സർക്കുലറിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് അധികതുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | സാങ്കേതിക അനുമതി വിവരങ്ങൾ | പ്രവൃത്തിയുടെഎസ്റ്റിമേറ്റ് തുക (GST പരിഗണിക്കാതെയുള്ളത്) | എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് | | | വൗച്ചർ നം./തീയതി |
|---|---|---|---|---|---|---|---|
| | | | | നല്കേണ്ട തുക | നല്കിയ തുക | അധികം നല്കിയ തുക | |
| 1 | 27/21 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 20-21 | 05/EE/LSGD /Electrical Committee/20-21 Dtd..06.05.2020 | 1049356 | 41,974 | 47,903 | 5929 | 22000767/01.03.2021 |
| 2 | 366/21 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-രണ്ടാം ഘട്ടം | 312/EE /LSGD/Electrical Committee/20-21 Dtd..24.02.2021 | 93,973/- | 3759 | 4230 | 471 | 22000876/30.03.21 |
| 3 | 212/21 പഞ്ചായത്ത് ഹാൾ വയറിംഗ് (ബഹുവർഷം) | 270/EE /LSGD/Electrical Committee/19-20 Dtd..05.02.2020 | 409762 | 16390 | 18357 | 1967 | 22000375/12.03.21 |
| ആകെ | | | | | | 8,367 | |

മേൽ പട്ടിക പ്രകാരം ആറ് പ്രോജക്ടുകളിലായി അധികമനുവദിച്ച ₹8,367/- ഈ ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് വരും കാലങ്ങളിൽ നല്കുന്ന ബില്ലുകളിൽ നിന്നും ക്രമീകരിക്കുകയോ അയതിന് കഴിയാത്ത പക്ഷം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.09/21.07.2022)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്റ്റിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ആശ്രയ | -- | 200000 |
| | | 1940000 | ലൈഫ് പട്ടികജാതി | 120000 | 1820000 |
| | | 1824447 | ലൈഫ് ജനറൽ | 36000 | 1464447 |
| | | 79250 | പട്ടിക വർഗ്ഗം വീട് റിപ്പയർ | -- | 79250 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 481270 | പത്താഴക്കുണ്ട് പൈപ്പ് ലൈൻ | -- | 481270 |
| | | 89930 | മുച്ചക്ര വാഹനം | -- | 89930 |
| | | 3270935 | കല്ലുംകൂട്ടം മലാക്ക വീരോലിപ്പാടം റോഡ് | 3270935 | 39784 |
| | | 1358378 | പത്താഴക്കുണ്ട് പൈപ്പ് ലൈൻ | 1318954 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നം | തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 15/21- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22000614 | 10.11.20 | 104784 | 104784 | 0 |
| | | 22000631 | 16.11.20 | 98884 | 0 | 98884 |
| | | 22000632 | 16.11.20 | 227976 | 0 | 227976 |
| | | 22000633 | 16.11.20 | 96990 | 0 | 96990 |
| | | 22000769 | 04.03.20 | 99946 | 0 | 99946 |
| | | 22000770 | 04.03.20 | 99238 | 0 | 99238 |
| | | 22000771 | 04.03.20 | 97586 | 0 | 97586 |
| | | 22000772 | 04.03.20 | 96642 | 0 | 96642 |
| | | 22000773 | 04.03.20 | 97940 | 0 | 97940 |
| | | 22000774 | 04.03.20 | 92866 | 0 | 92866 |
| | | 22000775 | 04.03.20 | 99946 | 0 | 99946 |
| | | 22000776 | 04.03.20 | 99946 | 0 | 99946 |
| | | 22000777 | 04.03.20 | 98766 | 0 | 98766 |
| | | 22000778 | 04.03.20 | 98176 | 0 | 98176 |
| | | 22000779 | 04.03.20 | 97114 | 0 | 97114 |
| | | 22000819 | 04.03.20 | 92158 | 0 | 92158 |
| | 22/21- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000629 | 16.11.20 | 28578 | 0 | 28578 |
| | | 22000795 | 15.03.21 | 71422 | 0 | 71422 |
| | 204/21- ചെല്ലി മെയിൻ വലിക്കൽ | 22000723 | 08.07.20 | 1,00,000 | 0 | 1,00,000 |

ഡെപ്പോസിറ്റ് വർക്കിന നല്കിയ തുകയുടെ രേഖപ്പെടുത്തൽ സംബന്ധിച്ച അപാകതകൾ വാർഷിക കണക്ക് പരിശോധന സംബന്ധിച്ച ഖണ്ഡിക 1-10-4ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | - | ഇല്ല | 25,19,999 | 8,93,412 | - | 16,26,587 |

വാർഷിക കണക്കിലെ രേഖപ്പെടുത്തലും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന വായ്പ രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. അപാകത സംബന്ധിച്ച് വാർഷിക കണക്കിന്റെ പരിശോധന സംബന്ധിച്ച ഖണ്ഡിക 1-10-15ൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രോജക്ട് മുഖേനെ അടവാക്കിയ ₹6,73,412യ്ക്ക് പുറമേ വായ്പ തുകയിൽ നിന്നും ചെലവഴിയ്ക്കുന്നതിന് അവശേഷിച്ച ₹2,20,000/-കൂടി തിരികെ അടവാക്കിയിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2018-19 | 1-13 | 2950 | H.M. GLPS, കാക്കിനിക്കാട് | 1200100118/09.10.2020 |

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.1.8 | 2011-12 | | കൃഷി ഭവനിലെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച് | പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ട് |
| 2014-15 | 2.1 | 2014-15 | | തൊഴിൽ നികുതി | പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ട് |
| 2015-16 | 2.5<br>3.7.6<br>3.7.13 | 2015-16 | | തൊഴിൽ നികുതി, കാർഷിക പദ്ധതികൾ | പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ട് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143346716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 146917541 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18267 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,63,005 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9900 | ഡോ.രഞ്ജു ഏലിയാസ്, വെറ്ററിനറി സർജൻ |
| 3-2 | 5929 | അരുൺ ജോൺ ടി, സെക്രട്ടറി |
| 3-2 | 2438 | ശോഭന പി കെ, സെക്രട്ടറി – ഇൻ – ചാർജ് |
| ആകെ | 18267 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 42474 | നിഖിൽരാജ് സി എൻ, അസി.എഞ്ചിനീയർ |
| 1-32 | 3683 | നിഖിൽരാജ് സി എൻ, അസി.എഞ്ചിനീയർ |
| ആകെ | 46157 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 9000 | ഡോ.രഞ്ജു ഏലിയാസ്, വെറ്ററിനറി സർജൻ |
| 1-25-5 | 263000 | അംബിക എം എസ്, സെക്രട്ടറി |
| 1-26 | 552428 | അംബിക എം എസ്, സെക്രട്ടറി |
| 1-26 | 71422 | ശോഭന പി കെ, സെക്രട്ടറി ഇൻ ചാർജ് |
| 1-33 | 141155 | നിഖിൽ രാജ് സി എൻ, അസി.എഞ്ചിനീയർ |
| 1-36 | 126000 | അംബിക എം എസ്, സെക്രട്ടറി |
| ആകെ | 1163005 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രഞ്ജു ഏലിയാസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, തെക്കുംകര ഗ്രാമപഞ്ചായത്ത് | 3ഇ, കല്യാൺ ഹാബിറ്റാറ്റ്, ചേലക്കോട്ടുകര,തൃശ്ശൂർ |
| അരുൺ ജോൺ ടി, സെക്രട്ടറി | സെക്രട്ടറി, തെക്കുംകര ഗ്രാമപഞ്ചായത്ത് | തോട്ടപ്പിള്ളി ഹൌസ്, കെ എ യു, മണ്ണുത്തി പി ഒ, തൃശ്ശൂർ |
| ശോഭന പി കെ, | അസി.സെക്രട്ടറി, | കുന്നത്തേരി ഹൌസ്, തയ്യൂർ |

| | | |
|---|---|---|
| സെക്രട്ടറി ഇൻ ചാർജ് | തെക്കുംകര ഗ്രാമപഞ്ചായത്ത് | പി ഒ, പഴവൂർ, തൃശ്ശൂർ |
| നിഖിൽ രാജ് സി എൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തെക്കുംകര ഗ്രാമപഞ്ചായത്ത് | ചെറുവത്തേരി ഹൌസ്, പേരാമംഗലം, തൃശ്ശൂർ |
| അംബിക എം എസ്, സെക്രട്ടറി | സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത് | പ്രസന്നനിലയം, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ |
|---|---|
| 1968-69, 70-71, 71-72, 73-74, 74-75, 76-77, 77-78, 81-82, 91-92, 92-93, 93-94, 94-95., 95-96, 96-97 | എൽ.എഫ്.ടി.(എസ്-2) -740/11, 19.07.11/ 21.10.11 |
| 97-98 (വരവ്) | എൽ.എഫ്.ടി.17-1415/01/ 4-6-2002 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1156/98, 06-03-99 |
| 98-99 | എൽ.എഫ്.ടി.17-1416/01/12-6-12 |
| 99-2000 | എൽ.എഫ്.ടി.17/1414 /01, 08.07.02 |
| 2000-01 | എൽ.എഫ്.ടി.17-1592/ 01, 03.08.02 |
| 2002-03, 03-04, 04-05, 05-06, 06-07, 07-08, 08-09 | എൽ.എഫ്.ടി.പി.1-246/12/29.3.12 |
| 09-10 | എൽ.എഫ്.ടി.(പി1)-106/12/13-8-12 |
| 2010-11 | എൽ.എഫ്.ടി.(പി.1)/101/12, 13-8-12 |
| 2011-12 | എൽ.എഫ്.ടി.പി.5-1984/ 13,13-3-14 |
| 2012-13 | എൽ.എഫ്.ടി.പി.5-1373/14, തീ.4/12/2014/ 12.03.2015 |
| 2013-14 | കെ.എസ്.എ-ടി.എസ്.ആർ.(പി.5)1145/15 തീ.26.10.15/07.11.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ.(പി.5) 1121/16 തീ.13.07.16/25.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)-1732/16 തീ. 24.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1069/2017 തീ.25.07.2017/26.08.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.5)8/2019 തീ.30.01.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.5)711/2020 തീ.04.08.2020/20.08.2020 |
| 2019-20 | KSA TSR(P13)1002/2022.തീയതി 04.07.20200 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്